**ദി കേരള സ്റ്റേററ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിററഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, **www.ksfe.com**

റഫ: 4155/ മലയാളം — തിയതി : 17/06/2026.

**സർക്കുലർ 29/2026 (സിഎസ്)**

**വിഷയം:** ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതും നിർദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതും സംബന്ധിച്ച്.

**സൂചന:** 1) നം.ഒ.എൽ 2/15/2025/പി & എആർഡി തീയ്യതി :06/05/2026 ലെ കത്ത്.
2) സർക്കുലർ 27/2025 (സിഎസ്), തീയ്യതി : 25/06/2025.

********

സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതി ചേർന്നു വരുന്നു. ആയതിന്റെ ഭാഗമായി ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഉത്തരവിൽ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശിക്കുന്നു.

സൂചന (2) പ്രകാരം മലയാള ഭാഷാ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ ഭരണകൂടം കാലാകാലങ്ങളിൽ അവലോകന യോഗങ്ങളിൽ കെ എസ് എഫ് ഇ യെ പ്രതിനിധീകരിച്ച് അതാത് മേഖലാ ഓഫീസുകളിലെ അഡ്മിനിസ്ട്രേഷൻ ചുമതലയുള്ള മാനേജർമാർ പങ്കെടുക്കേണ്ടതാണെന്നും നിർദേശിക്കുന്നു.

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന് വേണ്ടി,**

THE KERALA STATE FINANCIAL ENTERPRISES LTD. REGD. OFFICE BHADRATHA THRISSUR

**ഡോ.സനിൽ.എസ്.കെ.**
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:

1. എ.ജി.എം (റിജ്യൻസ്)
2. യുണിറ്റ് ഹെഡ്സ്
3. ഐ.എ.ഡി.ടീമുകൾ
4. എസ്.ഡി.റ്റി ആപ്പീസുകൾ
5. ഹെഡ് ആപ്പീസ് ഡിപ്പാർട്ട്മെന്റ് മേധാവികൾ
6. എം.ഡിയുടെ പി.എ
7. സർക്കുലർ ഫയൽ

'ഭരണഭാഷ-മാതൃഭാഷ'

es
03.06.26

കേരളസർക്കാർ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്

നം.ഒ.എൽ2/15/2025/പി&എആർഡി

തിരുവനന്തപുരം
തീയതി.06/05/2026

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാപൊതുമേഖലാസ്ഥാപനങ്ങൾ-ബോർഡ്/കോർപ്പറേഷൻ-സഹകരണസ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ

സർ,

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്-ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതും നിർദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതും സംബന്ധിച്ച്.

സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു.മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി, ചീഫ് സെക്രട്ടറി അധ്യക്ഷനായ ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതി എന്നിവ യോഗം ചേർന്നുവരുന്നു. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും മലയാളം ഔദ്യോഗികഭാഷയായി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ജില്ലാതലത്തിലുള്ള ഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഔദ്യോഗികഭാഷ ജില്ലാതല ഏകോപനസമിതി യോഗം എല്ലാ വർഷവും 3 മാസത്തിലൊരിക്കൽ ചേർന്നുവരുന്നു.

ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതല ഏകോപനസമിതി യോഗം ചേരുമ്പോൾ അതതു ജില്ലയിൽ പ്രവർത്തിക്കുന്ന സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, ബോർഡ്/ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ മേധാവികൾ ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതലഏകോപനസമിതി യോഗത്തിൽ പങ്കെടുക്കേണ്ടതാണെന്നും ഇവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് അതതു ജില്ലാകളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണെന്നും അറിയിക്കുന്നു.

സർക്കാരിന്റെ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിവധതലത്തിൽ പരിശോധിക്കുകയും ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന നിർദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് നിർദേശം നൽകുന്നു. ഭാഷാമാറ്റപുരോഗതി റിപ്പോർട്ട് യഥാസമയം ഔദ്യോഗികഭാഷാവകുപ്പിൽ ലഭ്യമാക്കുവാനും താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**സംഗീത ജി എസ്**
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

## നിർദേശങ്ങൾ

1. ഹാജർ പുസ്തകത്തിൽ സാക്ഷ്യപത്രം ഉൾപ്പെടെ രേഖപ്പെടുത്തലുകൾ മലയാളത്തിലാക്കേണ്ടതാണ്.

2. സ്യൂട്ട് രജിസ്റ്റർ - പൂർണ്ണമായും മലയാളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

3. വിവരാവകാശനിയമം - രജിസ്റ്റർ പൂർണ്ണമായും മലയാളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

4. വിവരാവകാശ ബോർഡ് ആദ്യപകുതി മലയാളത്തിലും രണ്ടാംപകുതി ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

5. സേവനാവകാശം സംബന്ധിച്ച ബോർഡ് മലയാളത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

6. ഓഫീസ് സീലുകൾ, ഉദ്യോഗസ്ഥരുടെ സീലുകൾ എന്നിവ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കേണ്ടതാണ് (സംസ്ഥാനത്തിനകത്തെ ആവശ്യത്തിന് മലയാളത്തിലുള്ള മുദ്രയും സംസ്ഥാനേതര ഭാഷാന്യൂനപക്ഷ ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് മുദ്രയും ഉപയോഗിക്കേണ്ടതാണ്. ദ്വിഭാഷാരീതിയും അവലംബിക്കാവുന്നതാണ്).(സ.ഉ(പി)നം.4/2017/ഉഭപവ തീയതി 14/03/2017)..

7. ഓഫീസർമാരുടെ ബോർഡുകൾ ആദ്യപകുതി മലയാളത്തിലും രണ്ടാംപകുതി ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.(സ.ഉ(പി)നം.4/2017/ഉഭപവ തീയതി 14/03/2017).

8. ഓഫീസ് ബോർഡുകൾ ആദ്യപകുതി മലയാളത്തിലും രണ്ടാംപകുതി ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.(സ.ഉ(പി)നം.4/2017/ഉഭപവ തീയതി 14/03/2017).

9. വാഹനത്തിന്റെ ബോർഡുകൾ മുൻവശത്ത് മലയാളത്തിലും പിൻവശത്ത് ഇംഗ്ലീഷിലും ഒരേ വലിപ്പത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. (സ.ഉ(പി)നം.4/2017/ഉഭപവ തീയതി 14/03/2017).

10. മലയാള ദിനപത്രങ്ങളിൽ നൽകുന്ന പരസ്യങ്ങൾ, ടെണ്ടർ ഫാറങ്ങൾ എന്നിവ പൂർണ്ണമായും മലയാളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. (5.7.1983-ലെ ജി.ഒ(എംഎസ്)നം.8/83/പി&എആർഡി)

11. ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപനസമിതിയോഗത്തിൽ (വകുപ്പു മേധാവി അധ്യക്ഷൻ- 3 മാസത്തിലൊരിക്കൽ) കൃത്യമായി പങ്കെടുക്കേണ്ടതും ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതല ഏകോപനസമിതി യോഗത്തിൽ കൃത്യമായി പങ്കെടുക്കേണ്ടതും (ജില്ലാകളക്ടർ-അധ്യക്ഷൻ - 3 മാസത്തിലൊരിക്കൽ) യോഗതീരുമാനങ്ങൾ/ നിർദേശങ്ങൾ നടപ്പിലാക്കേണ്ടതുമാണ്. ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പിന്റെ 9.7.2012-ലെ ജി.ഒ(പി)നം.33/12/പി&എആർഡി, 12.12.2014-ലെ ജി.ഒ(പി)നം.42/14/പി&എആർഡി എന്നീ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

12. ഭാഷാമാറ്റപുരോഗതി റിപ്പോർട്ട് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ഭാഷാമാറ്റപുരോഗതി കൈവരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

13. 2022-ലെ ലിപിപരിഷ്കരണ നിർദേശപ്രകാരമുള്ള ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്.(മന്ദാരം,മിയ,മഞ്ജുള,രഹന-തുടങ്ങിയ ഫോണ്ടുകൾ

കേരളസർക്കാരിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് ) (വെബ്സൈറ്റ്- **www.kerala.gov.in)**

14. ഔദ്യോഗികഭാഷാപരിശീലനം ലഭിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.

15. സർക്കാർവകുപ്പുകൾ/പൊതുമേഖലാസ്ഥാപനങ്ങൾ-ബോർഡ്/കോർപ്പറേഷൻ-സഹകരണസ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും, വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിൽ തയ്യാറാക്കേണ്ടതാണ്. (21/08/2023 തീയതിയിലെ ജി.ഒ(എംഎസ്)നം.17/2023/പി.&എആർഡി)

16. ഓഫീസ് നടപടിക്രമങ്ങൾ പൂർണ്ണമായും മലയാളത്തിൽത്തന്നെ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ <u>13/01/2015 തീയതിയിലെ ജി.ഒ(പി)നം.2/2015/പി.&എആർഡി</u> ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ഏഴ് സാഹചര്യങ്ങളൊഴികെ ബാക്കി എല്ലാ കത്തുകളും മലയാളത്തിൽ തയ്യാറാക്കേണ്ടതും മേൽ സാഹചര്യത്തിൽ ഇംഗ്ലീഷിൽ കത്തുകൾ തയ്യാറാക്കുമ്പോൾ കുറിപ്പുഫയൽ മലയാളത്തിലായിരിക്കേണ്ടതുമാണ്.

(ഇംഗ്ലീഷിൽ കത്തുകൾ തയ്യാറാക്കേണ്ട ഏഴ് സാഹചര്യങ്ങൾ-)

1. കേന്ദ്രസർക്കാരിലേക്കുള്ള കത്തുകൾ

2. കേന്ദ്രസർക്കാർ സ്ഥാപനത്തിലേക്കുള്ള കത്തുകൾ

3. ഹൈക്കോടതി/സുപ്രീംകോടതി യിലേക്കുള്ള കത്തുകൾ

4. ഇതരസംസ്ഥനങ്ങൾക്കുള്ള കത്തുകൾ

5. അന്യരാജ്യങ്ങൾക്കുള്ള കത്തുകൾ

6. സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ

7. ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ - ഇംഗ്ലീഷിൽ കത്തുകൾ തയ്യാറാക്കുമ്പോൾ കുറിപ്പുഫയൽ മലയാളത്തിലായിരിക്കേണ്ടതുമാണ്)

17. പൊതുമേഖലാസ്ഥാപനങ്ങൾ-ബോർഡ്/ കോർപ്പറേഷൻ, സഹകരണസ്ഥാപനങ്ങൾ/ സ്വയംഭരണസ്ഥാപനങ്ങൾ എന്നീ സ്ഥാപനമേധാവികളുടെ ഓഫീസിലും, ഈ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും മലയാളം ടൈപ്പിങ് പരിശീലനം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

18. പെൻഷൻ രജിസ്റ്റർ പൂർണ്ണമായും മലയാളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

19. ലോങ് ലീവ് രജിസ്റ്ററിന്റെ ഫോർമാറ്റ്, അതിലെ രേഖപ്പെടുത്തലുകൾ എന്നിവ മലയാളത്തിലാക്കേണ്ടതാണ്.

20. മലയാളദിനാഘോഷം, ഭരണഭാഷാവാരാഘോഷം എന്നിവ യഥാസമയം നിർദേശിക്കുന്ന രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക – 26 എന്ന് അവസാനിക്കുന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

21. വെബ് സൈറ്റിൽ ഡിഫോൾട്ട് പേജ് മലയാളത്തിലാക്കേണ്ടതാണ്.